# യൂറോപ്യൻ രാജ്യങ്ങളിലേക്ക് സാക്ഷ്യപ്പെടുത്തലിനായി ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. യൂറോപ്യൻ രാജ്യങ്ങളിലേക്ക് സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തൽ ആവശ്യമുള്ളവർ രേഖകൾ നോട്ടറൈസ് ചെയ്യേണ്ട ആവശ്യമില്ല

## ജനന/മരണ/വിവാഹ സർട്ടിഫിക്കറ്റുകൾ

2. പ്രസ്തുത രാജ്യങ്ങളിലേക്ക് ജനന/മരണ/വിവാഹ സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തൽ ആവശ്യമുള്ള അപേക്ഷകർ cr.lsgkerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത ഓൺലൈൻ സർട്ടിഫിക്കറ്റുകൾ മാത്രമെ ഹാജരാക്കാവൂ
3. ഓൺലൈനിൽ ലഭിക്കുന്ന മേൽപ്പറഞ്ഞ രേഖകൾ ഒഴികെയുള്ള അപേക്ഷകൾ വെരിഫിക്കേഷൻ നടത്തിയതിന് ശേഷം മാത്രമെ സാക്ഷ്യപ്പെടുത്തുകയുള്ളു.

## അംഗീകൃത സർക്കാർ/വിദ്യാഭ്യാസ സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തൽ

4. സർക്കാർ വകുപ്പുകൾ/സ്വയംഭരണ സ്ഥാപനങ്ങൾ, അംഗീകൃത സർവ്വകലാശാലകൾ, അഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പരീക്ഷാ കമ്മീഷണർ എന്നിവ നൽകുന്ന വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ, മാർക്ക്ലിസ്റ്റുകൾ ഡ്രൈവിംഗ് ലൈസൻസ് പർട്ടിക്കുലേർസ്, ഫിംഗർപ്രിന്റ് സർട്ടിഫിക്കറ്റുകൾ, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ എന്നിവ വെരിഫിക്കേഷൻ നടത്തിയതിന് ശേഷം മാത്രം സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തുന്ന അവസരങ്ങളിൽ ആദ്യഘട്ടം സാക്ഷ്യപ്പെടുത്തേണ്ട സർട്ടിഫിക്കറ്റിന്റെ 3 പകർപ്പുകളും, അപേക്ഷകന്റെ തിരിച്ചറിയൽ കാർഡും ഉൾപ്പെടുന്ന 10 രൂപ കോർട്ട് ഫീ സ്റ്റാമ്പ് ഒട്ടിച്ച അപേക്ഷയോടൊപ്പം സ്വീകരിക്കേണ്ടതാണ്.

5. പ്രസ്തുത അപേക്ഷ അഭ്യന്തര വകുപ്പിൽ സമർപ്പിക്കുന്ന മുറയ്ക്ക് വെരിഫിക്കേഷൻ നമ്പർ ലഭിക്കുകയും പ്രസ്തുത വെരിഫിക്കേഷൻ പൂർത്തിയാകുന്ന മുറയക്ക് മാത്രം അസ്സൽ സർട്ടിഫിക്കറ്റ് ഉദ്യാഗാർത്ഥിയിൽ നിന്ന് കൈപ്പറ്റുകയും ആയത് സാക്ഷ്യപ്പെടുത്തലിനായി സമർപ്പിക്കേണ്ടതുമാണ്. അസ്സൽ സർട്ടിഫിക്കറ്റ് സമർപ്പിക്കുമ്പോൾ അപേക്ഷയോ, മറ്റ് അനുബന്ധ രേഖകളോ സമർപ്പിക്കേണ്ടതില്ല.

**<u>സ്വകാര്യ സ്ഥാപനം നൽകുന്ന സർട്ടിഫിക്കറ്റുകൾ</u>**

6. സ്വകാര്യസ്ഥാപനങ്ങൾ നൽകുന്ന സർട്ടിഫിക്കറ്റുകളുടെ കാര്യത്തിൽ ജില്ലാ തല ഓഫീസർമാർ (പ്രൈവറ്റ് ആശുപത്രികൾ നൽകുന്ന സർട്ടിഫിക്കറ്റുകൾ – ജില്ലാ മെഡിക്കൽ ഓഫീസർ (DMO), വിദ്യാഭ്യാസ യോഗ്യതാ സർട്ടിഫിക്കറ്റുകൾ – അസിസ്റ്റന്റ് /ഡിസ്ട്രിക്ട് എഡ്യുക്കേഷണൽ ഓഫീസർ /ടെക്നിക്കൽ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ (AEO/DEO), തൊഴിൽ വകുപ്പിനു കീഴിലുള്ള സ്വകാര്യ സ്ഥാപനങ്ങൾ നൽകുന്ന സർട്ടിഫിക്കറ്റുകൾ – ജില്ലാ ലേബർ ഓഫീസർ കൗണ്ടർസൈൻ ചെയ്ത ശേഷം സർട്ടിഫിക്കറ്റിന്റെ 3 പകർപ്പുകളും, അപേക്ഷകന്റെ തിരിച്ചറിയൽ കാർഡും ഉൾപ്പെടുന്ന 10 രൂപ കോർട്ട് ഫീ സ്റ്റാമ്പ് ഒട്ടിച്ച അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.